



# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025-2026

## ST.JOSEPH'S MODEL H S S, KURIACHIRA

E-mail: stjosephmodelschool@gmail.com

## ആമുഖം.

തൃശ്ശൂർ കോർപ്പറേഷൻ പരിധിയിൽ ഉൾപ്പെടുന്ന 64 വർഷം പഴക്കമുള്ള വിദ്യാലയമാണ് സെൻ്റ് ജോസഫ്സ് മോഡൽ എച്ച് എസ് എസ് കുരിയച്ചിറ. വിശുദ്ധ യൗസേപ്പിതാവിന്റെ പേരിലുള്ള സ്ഥാപകനായ ചാക്കോരു മാസ്റ്ററിന്റെ സ്മരണാർത്ഥം പ്രവർത്തിക്കുന്ന ഈ വിദ്യാലയം തൃശ്ശൂർ അതിരൂപതയ്ക്കു കീഴിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു. ഈ കാലഘട്ടത്തിൽ പാഠ്യപാഠ്യേതര രംഗങ്ങളിൽ നേട്ടങ്ങൾ കൈവരിച്ച് മുന്നോട് കുതിക്കുകയാണ് ഈ വിദ്യാലയം. ആധുനിക സൗകര്യങ്ങളോടുകൂടിയ പുതിയ സ്കൂൾ കെട്ടിടങ്ങൾ ഈ കുതിപ്പിന് ആക്കം കൂട്ടിയിട്ടുണ്ട്. 96 അദ്ധ്യാപകരും 5 ഓഫീസ് സ്റ്റാഫും 22 ആയമാരും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. 2858 വിദ്യാർത്ഥികൾ പഠിക്കുന്ന സ്കൂളിൽ പി ടി എ വിദ്യാലയ പ്രവർത്തനങ്ങൾക്ക് എല്ലാവിധ സഹകരണവും പിന്തുണയും നൽകി വരുന്നു. തുടർച്ചയായി 100% വിജയം കൈവരിക്കുന്നതിനും 2024ലെ SSLC പരീക്ഷയിൽ കേരളത്തിലെ അൺഎയ്ഡഡ് സ്കൂളിൽ വെച്ച് ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ വിജയിച്ചത് കുരിയച്ചിറ സെൻ്റ് ജോസഫ്സ് സ്കൂളിലാണ് എന്നുമുള്ള സന്തോഷം ഫലപ്രഖ്യാപന സമയത്ത് വിദ്യാഭ്യാസ മന്ത്രി വി.എസ്.ശിവൻകുട്ടി സർ പറയുകയുണ്ടായി. അത് ഞങ്ങൾക്ക് അഭിമാനാർഹമായ നിമിഷമായിരുന്നു.

## ലക്ഷ്യം

2025-26 അധ്യയന വർഷം വിദ്യാലയത്തെ അക്കാദമികവും ഭൗതികവുമായി വളർത്തുന്നതിനുംവിദ്യാലയത്തിന്റെ മികവിന്റെ കേന്ദ്രമാക്കുകയും സമൂഹത്തിന്റെ വളർച്ചയിൽ കൈത്താങ്ങാവാനും വിദ്യാർത്ഥികളെ ഒരു നല്ല വ്യക്തിത്വത്തിന് ഉടമകളാക്കുന്നതിനും ആവശ്യമായ പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പിലാക്കുകയാണ് ലക്ഷ്യം.

## പ്രവർത്തനങ്ങൾ

ഓരോ പ്രവർത്തന പദ്ധതിക്ക് പ്രത്യേകം പേരുകൾ നൽകി . അദ്ധ്യാപകർക്ക് ഉത്തരവാദിത്വമേല്പ്പിച്ച് ഹെഡ്മാസ്റ്ററുടെ നേതൃത്വത്തിൽ സമയബന്ധിതമായി പൂർത്തികരിക്കാൻ ശ്രമിക്കുന്നു. പൊതുവായ വാർഷിക പദ്ധതിയിൽ നിന്നും Monthly Plan ഉണ്ടാക്കി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു.

I. പഠന നിലവാരം ഉയർത്തൽ

1.Scheme of workന് അനുസരിച്ചു പാഠഭാഗങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുക

2. Monthly Testകൾ കൃത്യമായി എല്ലാ മാസവും നടത്തുന്നു

3. Mid term exam നടത്തുക

4. കുട്ടികളുടെ നോട്ടുകൾ Monthly Test mb മുൻപായി വിഷയങ്ങളെടുക്കുന്ന അദ്ധ്യാപകർ പരിശോധിക്കുക.

5. സയൻസ് ലാബും കമ്പ്യൂട്ടർ ലാമ്പും പാഠഭാഗങ്ങളായി ബന്ധിച്ച് പരമാവധി പൂർത്തികരിക്കുക

6. പഠനയാത്രകൾ സംഘടിപ്പിക്കുക.

II.കുട്ടികൾ - നാളെയുടെ വാഗ്ദാനങ്ങൾ

* കലോത്സവം :- ചിത്രരചന, സംഗീതം,നൃത്തം, ഉപകരണസംഗീതം, കരകൗശല-വസ്തുക്കളുടെ നിർമ്മാണം, കരാട്ടെ, അത്ലറ്റിക്സ്, ഫുട്ബോൾ എന്നിവയിൽ കൂടുതൽ പരിശീലനം. ശനിയാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും പരിശീലനം നൽകുന്നു.

III.കാരുണ്യപ്രവർത്തനങ്ങൾ

*കരുത്തൽ : -വർഷത്തിലൊരിക്കൽ (December) Poor fund Collection നടത്തി വരുന്നു. ഈ തുക ആശുപതിയി ഡയാലിസിനായും അതു പോലെ ഭവന നിർമാണ പദ്ധതിയിലേക്കും സംഭാവന നൽകി വരുന്നു.

IV.വായനാശീലം - കുട്ടികളിൽ

*ജന്മദിന പുസ്തക സമ്മാനം :- വിദ്യാലയത്തിലെ കുട്ടികൾ ജന്മദിനത്തിൽ ഒരു പുസ്തകം സ്കൂൾ വായനശാലയിലേക്ക് സംഭാവന ചെയ്യുന്നു

*ക്ലാസ് ലൈബ്രറി :- കുട്ടികൾക്ക് ഒഴിവുസമയങ്ങളിൽ എളുപ്പത്തിൽ പുസ്തക വായനയ്ക്ക് ഈ ഒരു പദ്ധതി സാധ്യമാകുന്നു. കുട്ടികളുടെ വായനയെ

മെച്ചപ്പെടുത്തുന്നതി ഓരോ ക്ലാസ് മുറികളിലും കൊച്ചു ലൈബ്രറി സജ്ജമാക്കിയിടുണ്ട് - അത് ക്ലാസ് ലീഡറുടെ നേതൃത്വത്തിൽ പുസ്തകങ്ങൾ കൈമാറ്റം ചെയ്യുകയും അത് അവരുടെ വായനക്ക് മുതൽകൂട്ടാവുകയും ചെയ്യുന്നു.

V. മൂല്യാധിഷ്ഠിത സെമിനാറുകൾ

വളർന്നു വരുന്ന നല്ല ഒരു തലമുറയെ വാർത്തെടുക്കുക എന്നതിനു മുന്നോടിയായി വിദ്യാർത്ഥികൾക്കും മാതാപിതാക്കൾക്കും വിവിധ വിഷയങ്ങൾ ആസ്പദമാക്കി ഏകദിന സെമിനാറുകൾ

VI.കായിക പ്രവർത്ത നങ്ങൾക്കുള്ള പരിശീലനം.

*പാഠ്യതര പ്രവർത്തനങ്ങൾ :- കുട്ടികളുടെ സമഗ്രവളർച്ച മുൻനിറുത്തിക്കൊണ്ട് 18 ഇനങ്ങളിൽ പരിശീലനം നൽകുന്നു.

*നീന്തൽ പരിശീലനം :- സ്വയം രക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി സ്കൂളിൽലെ മുഴുവൻ വിദ്യാർത്ഥികൾക്കും വിദഗ്ധരായ നീന്തൽ പരിശീലകരുടെ നേതൃത്വത്തിൽ പരിശീലനം നൽകി വരുന്നു.

VII.സന്നദ്ധ സംഘടനകൾ

വിദ്യാലയത്തിന്റെ കരുത്ത് പകരുന്നതിനായി സാമൂഹ്യനന്മയ്ക്കുതകുന്ന വിധത്തിൽ കൂടികളെ പ്രാപ്തരാക്കുന്നതിന് സഹായിക്കുന്ന ഒട്ടേറെ സംഘടനകൾ സ്കൂളിൽ പ്രവർത്തിക്കുന്നു. അവരുടെ പ്രവർത്തനങ്ങൾ വിദ്യാലയത്തിന് ഒരു മുതൽകൂട്ടാണ്

-Red cross

-Scout& Guides

VIII.വിദ്യാലയ ജനാധിപത്യം

തികച്ചും ജനാധിപത്യം മാതൃകയിൽ ഇലക്ഷൻ നടത്തി ആൺകുട്ടികളുടെ വിഭാഗത്തിൽ നിന്നും പെൺകുട്ടികളുടെ വിഭാഗത്തിൽ നിന്നും ഓരോ ക്യാപ്റ്റൻ മാരെയും അവരെ സഹായിക്കാനായി ഓരോ വകുപ്പിലെയും വൈസ് ക്യാപ്റ്റൻ മാരെയും തിരഞ്ഞെടുക്കുന്നു മാസത്തിലൊരിക്കൽ അവർ യോഗം കൂടുകയും തീരുമാനങ്ങൾ

പ്രിൻസിപ്പലിനെ അറിയിക്കുകയും അതിനെക്കുറിച്ച് അവലോകനം നടത്തുകയും ചെയ്തു വരുന്നു

IX. മോണിറ്ററിങ് സമിതി

ഹെഡ്മാസ്റ്റർ, സ്റ്റാഫ് സെക്രട്ടറി, സീനിയർ, അസിസ്റ്റൻസ്, ഓഫീസ് സ്റ്റാഫ് പ്രതിനിധി, എന്നിവർ ഉൾപ്പെടുന്ന സമിതിയാണ് സ്കൂൾ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നതും അവലോകനം ചെയ്യുന്നതും

X.ദിനാചരണങ്ങൾ

ഓരോ മാസത്തെയുംദിനാചരണങ്ങൾ ഓരോ സ്റ്റാന്റുകളിലെ അധ്യാപകർ ക്രോഡീകരിച്ച് SRGയിൽ  അവതരിപ്പിക്കുന്നു

XI. ഗുണമേന്മയുള്ള വിദ്യാഭ്യാസം

സാധാരണ പഠന രീതികളിൽ നിന്നും വ്യത്യസ്തമായി ക്ലാസ്മുറികളിൽ ആധുനിക സാങ്കേതിക ഉപകരണങ്ങളുടെ ഉപയോഗത്തിലൂടെ കുട്ടികളുടെ പഠനനിലവാരം കൂടുതൽ മെച്ചപ്പെടുത്താൻ സാധിക്കുന്നു

ഉപസംഹാരം

വിദ്യാർത്ഥികളുടെ സമഗ്ര വളർച്ചയ്ക്കായി ഒരുക്കിയതാണ് ഈ വർഷത്തെ അക്കാദമികമാസ്റ്റർ പ്ലാൻ പഠനത്തിനൊപ്പം തന്നെ കലാകായികരംഗങ്ങളിലും കുട്ടികളുടെ കഴിവുകൾ മെച്ചപ്പെടുത്താൻ ഇതിന് സാധിക്കുമെന്ന് വിശ്വസിക്കുന്നു. സമൂഹത്തിനുള്ളിൽ നിന്നുകൊണ്ട് സമൂഹത്തിനായി പ്രവർത്തിക്കാനുള്ള കരുത്തും വിദ്യാലയം ഇതിലൂടെ നേടുമെന്നതിൽ സംശയമില്ല അതിനോടൊപ്പം കുട്ടികളെ ഒരു നല്ല വ്യക്തിത്വത്തിന് ഉടമകൾ ആക്കുവാനും വിവിധ സാഹചര്യങ്ങളുമായി പൊരുത്തപ്പെടുവാനും അങ്ങനെ ഭൗതികവും അക്കാദമികവും സാമൂഹികവുമായ മേഖലകളിൽ വികസനം സാധ്യമാകുന്നതിനും ഇത് സഹായിക്കുന്നു അധ്യാപകരുടെയും രക്ഷിതാക്കളുടെയും കുട്ടികളുടെയും പൊതുസമൂഹത്തിന്റെയും വിദ്യാഭ്യാസ വകുപ്പിന്റെയും സഹായത്തോടെ ഈ അക്കാദമികമാസ്റ്റർ പ്ലാനിൽ വിഭാവനം ചെയ്തവയെല്ലാം സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു